## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ 66-ാം നമ്പർ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നത്- ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം. 368/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,29/01/2016.**

പരാമർശം : 1) സഉ(അച്ചടി) 332/2012/ധന തീയതി. 11/06/2012.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 20/10/2015 ലെ ഡി.ബി.2/4424/2015/ സി.ഇ/തസ്വഭവ. നം. കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. തോമസ് ഐസക് അവറുകളുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ 66-ാം നമ്പർ അംഗൻവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ, തിരുവനന്തപുരം 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ആലപ്പുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ ശ്രീ. തോമസ് ഐസക് അവറുകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ (രൂപ ഇരുപത്തി അഞ്ച് ലക്ഷം മാത്രം) ചെലവഴിച്ച് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ 66-ാം നംപർ അംഗൻവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ .വി.**

**ഗവ.ജോയിൻറ് സെക്രട്ടറി**

ശ്രീ. തോമസ് ഐസക്.എം.എൽ.എ , ആലപ്പുഴ നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ) കേരള.
സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ധനകാര്യ വകുപ്പ് (യു.ഒ.നം.(ഇ 142499) 88517/എൻ.സി.ബി2/2015/ധന തീയതി,09/12/2015)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ